ഉത്തരം

(എ) ശാസ്താംകോട്ട ശുദ്ധജല തടാക സംരക്ഷണത്തിനായി കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, തിരുവനന്തപുരം, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് തിരുവനന്തപുരം തുടങ്ങിയ ഏജൻസികൾ വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ട്.

(ബി) തടാക സംരക്ഷണത്തിന് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റിന്റെ പഠന റിപ്പോർട്ട് അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) കൊല്ലം കളക്ടറുടെ നേതൃത്വത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ഒരു യോഗം ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നത് സംബന്ധിച്ച് ചർച്ചയ്ക്കായി വിളിച്ചു ചേർത്തു. ശുദ്ധജലതടാകം സംരക്ഷിക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും മലിനീകരണം കുറയ്ക്കാനായി കക്കൂസില്ലാത്തവർക്ക് അതിനുള്ള സൗകര്യത്തിന് സഹായം നൽകാനും മണ്ണൊലിപ്പ് തടയുവാനായി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനും തീരുമാനിച്ചു.

(ഡി) തടാക സംരക്ഷണത്തിന് കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് സമർപ്പിച്ച പദ്ധതി കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും അത് നടപ്പിലാക്കിവരുകയും ചെയ്യുന്നു.

(ഇ) സംസ്ഥാന സർക്കാർ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു ജില്ലാതല പദ്ധതി നിർവ്വഹണ സമിതി രൂപീകരിച്ച് ഈ സമിതിയുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

മേപ്പയൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

83 [246] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നിർമ്മാണം ആരംഭിച്ച ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്;

(ബി) നിർമ്മാണം പൂർത്തിയാക്കിയ ഏതെങ്കിലും പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ടോ;

(സി) മണ്ഡലത്തിൽ ശുദ്ധജലവിതരണത്തിന് പുതിയതായി ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മേപ്പയൂർ നിയോജകമണ്ഡലത്തിൽ ചെറുവണ്ണൂർ പഞ്ചായത്തിലെ 2-ാം വാർഡ്, പുറമേരി പഞ്ചായത്തിലെ 4-ാം വാർഡ്, മേപ്പയൂർ പഞ്ചായത്തിലെ 3-ാം വാർഡ്, ചെറുവണ്ണൂർ പഞ്ചായത്തിലെ മുയിപ്പോത്ത് തെക്കുംമുറി കോളനി, ചെറുവണ്ണൂർ പഞ്ചായത്തിലെ പുളക്കൂൽതയതേത്ത്കുന്ന്, കുറ്റ്യാടി, പുറമേരി പഞ്ചായത്തിലെ കോമാളുള്ളപറമ്പത്ത്, തിരുവള്ളൂർ പഞ്ചായത്തിലെ പൊന്നാരൻകുന്നി, മണിയൂർ പഞ്ചായത്തിലെ മുളയേരി എന്നീ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. മണിയൂർ പഞ്ചായത്തിലെ ഉമ്പോളിക്കുന്ന്, കരുവഞ്ചേരി കോളനിയിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി, ചെറുവണ്ണൂർ പഞ്ചായത്തിലെ ആവളകുട്ടോത്തിലെ ജി.എം.എൽ.പി. സ്കൂൾ ശുദ്ധജലവിതരണ പദ്ധതി എന്നിവയും ചെറുവണ്ണൂർ, മേപ്പയൂർ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി ഒരു പദ്ധതിയും പരിഗണനയിലുണ്ട്.. കൂടാതെ വേളോം പഞ്ചായത്തിൽ ജലനിധി പദ്ധതി അഞ്ചാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്.

ജെ.ബി.ഐ.സി.-യുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന വിവിധ ശുദ്ധജലവിതരണ പദ്ധതികൾ

84 [247] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.ബി.ഐ.സി.-യുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന വിവിധ ശുദ്ധജലവിതരണ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണെന്നും ചുമതലക്കാർ ആരാണെന്നും അറിയിക്കാമോ;

(സി) ഇതുപ്രകാരമുള്ള തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയുടെ ഇതേവരെയുള്ള പ്രവർത്തനപുരോഗതി വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ജെ.ബി.ഐ.സി.-യുടെ സഹകരണത്തോടെയുള്ള പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ കാര്യക്ഷമമായ സംവിധാനം ഉറപ്പാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly